പത്രക്കുറിപ്പ്

24-05.201

**കുടുംബശ്രീ ലക്ഷ്യമിടുന്നത്**

**അധികാര വികേന്ദ്രീകരണത്തിന്റെ പദ്ധതി ആസൂത്രണവും:**

**ഡോ. ടി.എൻ.സീമ**

ആലപ്പുഴ: കുടുംബശ്രീ കേവലം ദാരിദ്ര ലഘൂകരണ പദ്ധതികൾ മാത്രമല്ല, അധികാര വികേന്ദ്രീകരണ ത്തിന്റെ പദ്ധതി ആസൂത്രണം കൂടിയാണ് ലക്ഷ്യമിടുന്നതെന്ന് ഹരിതമിഷൻ അധ്യക്ഷ ഡോ.ടി.എൻ സീമ. കുടുംബശ്രീയുടെ പത്തൊമ്പതാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച തീമാറ്റിക് സെമിനാറിന്റെ ആദ്യദിനം 'രണ്ടാം ജനകീയാസൂത്രണവും കുടുംബശ്രീയും' എന്ന വിഷയം അവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു.

ജാതി മത രാഷ്ട്രീയ സാമ്പത്തിക വ്യത്യാസങ്ങൾക്കതീതമായി പ്രവർത്തിക്കുന്ന ദാരിദ്ര നിർമാർജ്ജന ഏജൻസി കുടുംബശ്രീയാണ്. രണ്ടാം ജനകീയാസൂത്രണ പദ്ധതിയിൽ വനിതാഘടക പദ്ധതിയ്ക്ക് കൂടു തൽ ഊന്നൽ നൽകുന്നതിനായി സമകാലീക പ്രാധാന്യമുള്ള പ്രൊജക്ടുകൾ ഗ്രാമസഭയിലെ ചർച്ചകളിൽ കൊണ്ടുവരണം. ഇത്തരം വികസന ചർച്ചകളിലും തീരുമാനം കൈക്കൊള്ളുന്നതിലും സ്ത്രീകളുടെ തുല്യ പങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം. വികസനപ്രവർത്തനങ്ങളിൽ വിലയിരുത്തൽ നടത്തുന്നതിനെപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആരോഗ്യകരമായ ബന്ധം നിലനിർത്തേണ്ടതും ആവശ്യമാണെന്നും ഡോ. ടി.എൻ.സീമ പറഞ്ഞു.

' പ്രാദേശിക കാർഷികവികസനവും സ്ത്രീകളുടെ പങ്കും' എന്നവിഷയത്തിൽ തൊഴിൽ സംസ്ക്കാരത്തിന് വീണ്ടും മണ്ണിലേക്ക് വരാൻ നരേഗ സഹായിച്ചു എന്നും ഡോ. ടി.എൻ സീമ വ്യക്തമാക്കി. കേന്ദ്രാവിഷ്കൃത കാർഷിക പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയ്ക്ക് (എം.കെ.എസ്.പി)ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിന്തുണ നൽകണം. കേരളത്തെ ഭക്ഷ്യസുരക്ഷിതമുള്ള സംസ്ഥാനമാക്കി മാറ്റു ന്നതിലും കേരളത്തിന്റെ മണ്ണ്, വായു,ശുദ്ധി എല്ലാം തിരിച്ചു കൊണ്ടുവരുന്നതിനും കുടുംബശ്രീക്ക് ഗണ്യമായ പങ്ക് വഹിക്കാൻകഴിയുമെന്നും ഡോ.ടി.എൻ.സീമ വ്യക്തമാക്കി.

ഡെപ്യൂട്ടി പ്ലാനിംഗ് ഓഫീസർ സത്യപ്രകാശ് പദ്ധതി ആസൂത്രണത്തിൽ പ്രായോഗിക നിർദ്ദേശങ്ങൾ നൽകി. സമഗ്രവും സംയോജിതവും പരിസ്ഥിതി സൗഹാർദപരവുമായ പദ്ധതികളുടെ രൂപീകരണത്തിൽ സ്ത്രീകൾ വഹിക്കേണ്ട പങ്ക് എന്തെന്നും 'രണ്ടാം ജനകീയാസൂത്രണവും കുടുംബശ്രീയും' എന്നവിഷയ ത്തിൽ സംസാരിച്ചു.

പ്രാദേശിക കാർഷിക വികസനവും സ്ത്രീകളുടെ പങ്കും എന്ന വിഷയത്തിൽ, ജൻമിത്വ വ്യവസ്ഥ നില നിന്നിരുന്ന കഞ്ഞിക്കുഴി ഗ്രാമം ഇന്നത്തെ കാർഷിക ഗ്രാമമാക്കി മാറ്റുന്നതിനിടയിൽ തരണം ചെയ്ത പ്രതി സന്ധികളും പ്രശ്നങ്ങളും കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം. ജി രാജു സൂചിപ്പിച്ചു.

കുടുംബശ്രീ കഞ്ഞിക്കുഴി സി.ഡി.എസ് ചെയർപേഴ്സൺ ബിജി അനിൽ സ്വാഗതം പറഞ്ഞു. കുടുംബശ്രീ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ.എസ്.സലിം, പ്രോഗ്രാം മാനേജർ ഡോ.ഷമീന, പതിനാലു ജില്ലകളിലെ കുടുംബശ്രീ സി.ഡി.എസ് വൈസ് ചെയർപേഴ്സൺമാർ, എം.കെ.എസ്.പി ജീവ ടീം പരിപാടിയിൽ പങ്കെടുത്തു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ പ്രമോദ് വർക്കി സെമിനാറിൽ മോഡറേറ്ററായി. കുടുംബശ്രീ പരിശീലന ഗ്രൂപ്പായ ഏക്സാത്തിനായിരുന്നു സെമിനാറിന്റെ സംഘാടന ചുമതല.